നിങ്ങൾ അറിഞ്ഞിരിക്കേണ്ട 7 കാര്യങ്ങൾ

മനുഷ്യ വർഗ്ഗത്തിന് ലഭ്യമായിരിക്കുന്ന അതിശ്രേഷ്ഠവും ആഹ്ളാദകരവുമായ വാർത്ത മരണത്തിൽ നിന്നും നമ്മെ വീണ്ടെടുത്ത് നിത്യജീവൻ നൽകാൻ ദൈവം ആഗ്രഹിക്കുന്നു എന്നതാണ്. ജനിച്ചാൽ മരിക്കും പക്ഷെ മരിച്ചാൽ പിന്നെ ജീവിക്കുമോ ? അതെ ദൈവം തന്റെ പുത്രനായ യേശുക്രിസ്തുവിൽകൂടി മാത്രം ഈ നിത്യത മരണ സ്വഭാവമുള്ള മനുഷ്യനു നൽകുന്നു നിങ്ങൾ ഇതേക്കുറിച്ച് വാസ്തവമായി ചിന്തിച്ചിട്ടുണ്ടോ ? അതോ പല കാര്യങ്ങളുടെ കൂട്ടത്തിൽ ഇതും കേട്ട് കൂടുതലായി ചിന്തിക്കേണ്ട വിഷയമായി തോന്നുന്നില്ല എന്ന നിലപാടിലാണൊ നിങ്ങൾ കഴിയുന്നത് ? ഏതു മനുഷ്യനും അറിഞ്ഞിരിക്കേണ്ടതായ ചില വസ്തുതകൾ ഇതാ നിങ്ങളുടെ കൈകളിൽ എത്തിച്ചേർന്നിരിക്കുന്നു അവഗണിക്കരുതേ എന്നു ദൈവനാമത്തിൽ അപേക്ഷിക്കുന്നു.

നിത്യത എന്ന വാഗ്ദാനം നിരസിച്ചാൽ തീർച്ചയായും നിത്യമരണം നിത്യനാശം നിങ്ങൾ നേരെ തിരഞ്ഞെടുക്കുതയാണെന്നു ദയവായി മനസിലാക്കുക.

ദിവസവും ദൈവവചനം വായിക്കുക അതു നിങ്ങളുടെ ജീവിത ചര്യയിൽ ഒരു പ്രധാന ഭാഗമായി തീരട്ടെ എന്തുകൊണ്ടെന്നാൽ ബൈബിൾ വായനയിലൂടെ അടിസ്ഥാന പ്രമാണങ്ങൾ മനസിലാക്കാൻ സാധിക്കുന്നു നിത്യരക്ഷയ്ക്ക് അതാണു മാർഗ്ഗം അപ്പോൾ താഴെപ്പറയുന്ന 7 സത്യങ്ങൾ നിങ്ങൾക്കു ബോദ്ധ്യപ്പെടും സത്യത്തിലൂടെ ദൈവത്തെ ആരാധിക്കാം നിങ്ങൾ വിശ്വസിക്കുന്നവ വേദപുസ്തക സത്യങ്ങളോ എന്നു പരിശോധിച്ച് നോക്കുവാൻ ഈ ലഘുലേഖ നിങ്ങളെ സഹായിക്കും ദയവായി ഈ 7 കാര്യങ്ങൾ പരിശോധിച്ചുനോക്കുക.

1. ഒരു ദൈവമോയുള്ളു അവൻ ഏകനാണ് ത്രിത്വത്തിൽ ഏകത്വമോ ഏകത്വത്തിൽ ത്രിത്വമോ അവനില്ല.

ദൈവം മോശ മുഖാന്തരം എല്ലാ യിസ്രയേൽക്കാരോടും പറയുന്നു യിസ്രയേലേ കേൾക്ക യഹോവ നമ്മുടെ ദൈവംആകുന്നു യഹോവ ഏകൻ തന്നെ (ആവർത്തനം. 6: 4) യേശുക്രിസ്തു ഇത് ഉറപ്പിച്ചു പറയുന്നു (മർക്കൊ. 12: 29) നമ്മുടെ ദൈവമായ കർത്താവ് ഏക കർത്താവ് പൗലോസ് അപ്പോസ്തോലൻ തിമൊഥയോസിനോടു പറയുന്നു ദൈവം ഒരുവനല്ലൊ എന്ന് (1തിമൊ. 2:5) സർവ്വശക്തനായ ദൈവവും ദൈവപുത്രനായ യേശുവും യേശുവിന്റെ ശിഷ്യന്മാരും പറയുന്നു ദൈവം ഏകനാണെന്ന്. ഇന്നത്തെ സഭാനേതാക്കന്മാരിൽ ഭൂരിഭാഗവും പറയുന്നത് ദൈവം ഏകനല്ല ത്രിയേകനാണെന്നാണ്. സത്യ ഏക ദൈവമായ പിതാവാം ദൈവത്തെ അസത്യത്തിൽ ആരാധിക്കുന്നത് വേദവിപരീതമാണെന്നു വളരെ വിനയത്തോടുകൂടി പറയട്ടെ ബഹുജനത്തെ അനുസരിച്ച് ദോഷം ചെയ്യുരുത് ന്യായം മറിച്ചു കളവാൻ ബഹുജനപക്ഷം ചേരരുത്. (പുറ.23:2) ത്രിത്വം എന്ന വാക്ക് വേദപുസ്തകത്തിൽ ഉപയോഗിച്ചിട്ടില്ല.

(യശയ്യ. 45: 5, 46: 9, 1കൊരി. 8: 6. എഫെ. 4: 5.........)

2. യേശുക്രിസ്തു ദൈവത്തിന്റെ പുത്രനാണ്.

നിങ്ങൾ വേദപുസ്തകത്തിൽ വിശ്വസിക്കുന്നുവോ ? എങ്കിൽ യേശുക്രിസ്തു നിക്കോദേമോസിനോടു നേരിട്ടു പറഞ്ഞകാര്യങ്ങൾ യോഹ. 3ാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധിക്കുക തന്റെ ഏകജാതനായ പുത്രനിൽ (യോഹ.3: 16) തന്റെ പുത്രനെ ലോകത്തിൽ അയച്ചത് (യോഹ. 3: 17) ദൈവത്തിന്റെ ഏക ജാതനായ പുത്രനിൽ വിശ്വസിക്കായ്കയാൽ ന്യായവിധി വന്നുകഴിഞ്ഞു. യോഹ. 3: 18 ഈ വചനങ്ങളിൽ നിന്ന് വളരെ വ്യക്തമല്ലേ ക്രിസ്തു ദൈവപുത്രനാണെന്ന്. യേശു സ്നാനമേറ്റ സമയത്ത് പിതാവായ ദൈവം സാക്ഷിച്ചത് ഇപ്രകാരമാണ് ഇവൻ എന്റെ പ്രിയ പുത്രനാണ് (മത്താ. 3: 17) യേശു പറഞ്ഞു ദൈവം തന്റെ പിതാവാണ് അതുമാത്രമല്ല എന്റെ പിതാവ് എന്നേക്കാൾ വലിയവനാണ്. (യോഹ. 14: 28) ദൈവത്തെ ആരും ഒരു നാളും കണ്ടിട്ടില്ല അദൃസ്യനായ ദൈവം തന്റെ മഹത്വം ക്രിസ്തുവിലൂടെ വെളിപ്പെടുത്തി യേശുവിനെ ലോകം കണ്ടു. യേശുവിനെ കാണുന്നവർ അംഗീകരിക്കുന്നവർ, വിശ്വസിക്കുന്നവർ പിതാവായ ദൈവത്തെ കാണുന്നവരായും അംഗീകരിക്കുന്നവരായും വിശ്വസിക്കുന്നവരായും തീരുവാൻ ദൈവം ക്രിസ്തുവിനെ അധികാരപ്പെടുത്തി. ന്യായവിധിപോലും പുത്രനെ ഏല്പിച്ചിരിക്കുകയാണ് ആ അർത്ഥത്തിലാണ് താനും പിതാവും ഒന്നത്രെ എന്ന് ക്രിസ്തു പറഞ്ഞത് അവർ ആശയത്തിലും പ്രവൃത്തിയിലും അല്ലാതെ രൂപത്തിലൊ ഭാവത്തിലൊ സ്ഥാനത്തിലൊ ഒന്നിലും ഒന്നായിരിക്കുകയില്ല അവസാനത്തിൽ എല്ലാ വാഴ്ചകളും അധികാരങ്ങളും ക്രിസ്തു കീഴടക്കി രാജ്യം പിതാവിനെ ഏല്പിച്ച് പിതാവിനു കീഴ്പ്പെട്ട് നിത്യമായി വാഴും (കൊരി. 15: 28)മക്കളായ നാം ക്രിസ്തുവിനു കൂട്ടവകാശികളായി പിതാവിന്റെ സകലസ്വത്തിനും അവകാശികളായി നിത്യജീവൻ പ്രാപിക്കും (റോമ. 8: 17) ഈ ഭൂമിയൽ ദൈവംവരും മനുഷ്യരോടുകൂടി ദൈവം വസിക്കും ദൈവം അവരുടെ കണ്ണുനീർതുടക്കും ഇപ്പോഴുള്ളത് കഴിഞ്ഞുപോകും പുതിയതായി മറ്റൊന്നു വന്നുചേരും (വെളി.21: 3, 5.) ഇപ്രകാരം ഒരു പുതിയ ആകാശത്തെ ഒരു പുതിയ ഭൂമിയെ [ദുഷ്ടതയില്ലാത്ത] ഒരുക്കുക എന്ന ജോലിയാണ് പുത്രനായ ക്രിസ്തു ഇന്നു ചെയ്തു കൊണ്ടിരിക്കുന്നത് ആ ജോലി പൂർത്തിയാകുമ്പോൾ പിതാവ് നിശ്ചയിച്ച ആ വലിയ ദിവസം വന്നുചേരും പുത്രനെ വിശ്വസിച്ചവർ മാത്രം അന്ന് ചേർക്കപ്പെടും അവർ നിത്യതെ എന്നെന്നേക്കുമായി അവകാശമാക്കും ഈ നിത്യത നിങ്ങൾക്കുവേണോ ? ക്രിസ്തുവിനെ ദൈവ പുത്രനായും പിതാവായ ദൈവത്തെ സകലത്തിനും സകലവുമായ ഏക ദൈവവുമായും അംഗീകരിച്ചേ മതിയാവൂ. ഏകസത്യദൈവമായ നിന്നെയും (പിതാവിനെയും) നീ അയച്ച പുത്രനെയും ക്രിസ്തുവിനെയും) അറിയുക അതാണ് നിത്യജീവൻ (യേഹ. 17: 3) സത്യം ഇതായിരിക്കെ ഇതിനു വിപരീതമായി പഠിപ്പിക്കുന്നവർ ആരായാലും അവരെ പ്രസാദിപ്പിച്ച് അസത്യത്തിൽ നിൽക്കണമോ അതൊ സത്യത്തിൽ ഉറച്ചു

നിൽക്കണോ എന്ന് ചിന്തിക്കണമോ അതൊ സത്യത്തിൽ ഉറച്ചു നിൽക്കണോ എന്ന് ചിന്തിക്കുവാൻ നിങ്ങൾക്ക് ഇടയാകട്ടെ അലാപംകൂടി പറയാം യേശുക്രിസ്തുവിനെ അനുസരണം പഠിപ്പിക്കുവാൻ ദൈവം അവനെ പരിശോധനകളുലൂടെ കടത്തിവിട്ടു (എബ്ര. 5: 8) He was in all points tempted as we are മനുഷ്യനെപ്പോലെ എല്ലാ കാര്യത്തിലും യേശു പരീക്ഷിക്കപ്പെട്ടു ഇതിനന്റെ മലയാള പരിഭാഷയിൽ ആശയക്കുഴപ്പം ഉണ്ട് പാപം ഒഴികെ പരീക്ഷിക്കപ്പെട്ടു എന്ന തർജ്ജമ ശരിയല്ല പിശാചിനാൽ പരീക്ഷിക്കപ്പെടുവാനായി യേശുവിനെ മരുഭുമിയിലേക്ക് ദൈവത്തിന്റെ ആത്മാവി കൊണ്ടുപോയി. (മത്താ. 4: 1) ദൂതന്മാർ അടുത്തുവന്ന് യേശുവിനെ ശുശ്രൂഷിച്ചുയേശുവിനെ ശക്തിപ്പെടുത്തുവാൻ സ്വർഗ്ഗത്തിൽ നിന്നൊരു ദൂതൻവന്നു (ലൂക്കൊ. 22: 43) യേശു മരിച്ചു എല്ലാം അവസാനിച്ചു എന്നുഭയന്ന് ശിഷ്യന്മാർ ചിതറിപ്പോയി എന്നാൽ ദൈവം യേശുവിനെ മരിച്ചവരിൽ നിന്നുയർപ്പിച്ചു. (പ്രവൃ. 2: 31) അപ്പോസ്തലനായ പൗലോസ് യാതൊരു അർത്ഥശങ്കയ്ക്കും ഇടയില്ലാതെ പറഞ്ഞിരിക്കുന്നു യേശു ജഡംസംബന്ധിച്ച് ദൈവീദിന്റെ സന്തതിയിൽനിന്നും ജനിക്കയും ഉയർത്തെഴുന്നേൽക്കയാൽ ദൈവ പുത്രൻ എന്ന് ശക്തിയോടെ നിർണ്ണയിക്കപ്പെടുകയും ചെയ്തു എന്ന് (റോമ. 1: 5) അത്യുന്നതന്റെ പുത്രൻ നിന്നിൽ ജനിക്കുമെന്നാണ് ദൂതൻ കന്യകയായ മറിയയോടു പറഞ്ഞത് (ലൂക്കൊ. 1: 45) അതുകൊണ്ട് യേശുക്രിസ്തു ദൈവമല്ല, ദൈവപുത്രനാണ്.

3. നീതിമാന്മാർക്കു ലഭിക്കുന്ന സ്വർഗ്ഗം ഭൂമിയിലാണ് ഉയരങ്ങളിൽ എവിടെയോ അല്ല.

യേശു ഗിരിപ്രഭാഷണത്തിൽ ഇപ്രകാരം പറഞ്ഞു സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ അവർ ഭൂമിയെ അവകാശമാക്കും (മത്താ.5ഛ 5) അവർ ഭൂമിയിൽ വാഴുന്നു എന്നൊരു പാട്ടുപാടുന്നു. (വെളി. 5:5) അവർ ഭൂമിയിൽ വാഴുന്നു എന്നൊരു പാട്ടുപാടുന്നു. (വെളി. 5:10) സങ്കീർത്തനക്കാരനും അങ്ങനെ പറയുന്നു ദുഷ്ട പ്രവർത്തിക്കാർ ഛേദിക്കപ്പെടും യഹോവയെ പ്രത്യാശിക്കുന്നവനോ ഭൂമിയെ കൈവശമാക്കും (സങ്കീ. 37: 9, 11, 22, 29, 34) യേശു ന്യായം വിധിക്കാൻ ഭൂമിയിൽ വരുന്നു (സങ്കീ. 98: 9) യശയ്യാ പ്രവാചകൻ പ്രവചിച്ചു യഹോവയുടെ ന്യായവിധി ഭൂമിയിൽ ആയിരിക്കുമ്പോൾ ഭൂവാസികൾ ന്യായച്ചെ പഠിക്കും. ജയിക്കുന്നവർക്ക് ജാതികളെ വാഴാനുള്ള അധികാരം കൊടുക്കും (വെളി. 2: 31) സ്വർഗ്ഗം യഹോവയിക്കുള്ളത് ഭൂമിയെ അവൻ മനുഷ്യ പുത്രന്മാർക്കു കൊടുത്തിരിക്കുന്നു (സങ്കീ.115: 16) യഹോവ സർവ്വഭൂമിക്കും രാജാവായിരിക്കും (സെഖ. 14: 9) അവൻ സകല ശത്രുക്കളേയും കാല്കീഴാക്കുവോളം വാഴേണ്ടതാകുന്നു. (1കൊരി. 15: 25) ഭൂമിയെല്ലാം ദൈവത്തിന്റെ പരിജ്ഞാനം കൊണ്ട് നിറയും (യശയ്യ. 11: 9) ദൈവതേജസുകൊണ്ട് ഈ ഭൂമി നിറയപ്പെടും (സംഖ്യ. 14: 21. ഹബ.2: 14) നിന്റെ രാജ്യം വരേണമേ എന്ന് പ്രാർത്ഥിക്കുവാനാണ് യേശു പഠിപ്പിച്ചത്. ഇന്ന് ദൈവത്തിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിൽ ആകുവാൻ നാം പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയാണ്. സ്വർഗ്ഗരാജ്യം സമീപിക്കുകയാണ് അതുകൊണ്ട് മാനസാന്തരപ്പെടുവിൻ എന്ന് യോഹന്നാൻ സ്നാപകൻ വിളിച്ചു പറഞ്ഞത് ഓർക്കുക.

അതുകൊണ്ട് പുത്തൻ യരുശലേം സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവരികയും വിശുദ്ധന്മാർ സ്വർഗ്ഗരാജ്യം ഇവിടെ അനുഭവിക്കുകയും ദൈവത്തോടു ചേർന്ന് ഏദന്റെ അനുഭവത്തിൽ നിത്യമായി ഈ ഭൂമിയിൽ വസിക്കുകയും ചെയ്യും പാഴായിട്ടല്ല വ്യർത്ഥമായിട്ടല്ല യഹോവ ഭൂമിയെ സൃഷ്ടിച്ചത് പാർപ്പിനാത്രേ (യശയ്യ. 45: 18) നമ്മുടെ പിതാക്കന്മാർക്കു ലഭിച്ച വാഗ്ദത്തം അബ്രഹാമിനു ലഭിച്ചത് വിശ്വാസത്താലാണ്. നീ തലപൊക്കി ചുറ്റും നേക്കുക നീ കാണുന്ന ഈ ഭൂമിയെ നിനക്കും നിന്റെ സന്തതിക്കും ശാശ്വതമായി തരും ആ വാഗ്ദത്തം നിറവേറ്റിയോ, അവരെല്ലാം വാഗ്ദത്തം പ്രാപിക്കാതെ മരിച്ചു ഇനി ഒരിക്കൽ ഈ വാഗ്ദത്തം പ്രാപിക്കുക തന്നെചെയ്യും (ഉല്പ. 13: 15, എബ്ര.11: 13,39,40) കാര്യങ്ങളുടെ സമാപ്തി അറിയണോ. ദാനിയേൽ 7: 27.) നോക്കുക. ആകാശത്തിന്റെ കീഴിലുള്ള എല്ലാ രാജ്യങ്ങളും മഹത്വമാണ് വിശുദ്ധ ജനത്തിന് ലഭിക്കാൻ പോകുന്നത് ആ രാജത്വം നിത്യമായിരിക്കും അതാണ് വിശ്വാസികൾ ഇന്നു പ്രത്യാശിക്കുന്ന നിത്യരാജ്യവും ആ രാജ്യത്തിലെ നിത്യജീവനും യേശു ക്രിസ്തുവല്ലാതെ മരിച്ചവരാരും ഉയർത്തെഴുന്നേറ്റിട്ടില്ല കർത്താവുവരുമ്പോൾ കാഹളംധ്വനിക്കും കർത്താവിൽ മരിച്ചിട്ടുള്ളവർ നിത്യതയിലേക്ക് ഉയർക്കപ്പെടും ഇതാ ഞാൻ വേഗം വരുന്നു സ്വർഗ്ഗാരോഹണം ചെയ്ത ഈ യേശു വീണ്ടും വരും (അപ്പൊ. പ്രവൃ്യ. 1: 11. വെളി. 22: 20)

4. മരണം ജീവിതത്തിന്റെ അവസാനമാണ് നീതിമാന്മാരും നീതികെട്ടവരും ഒരുപോലെ കല്ലറകളിൽ ചെന്നുചേരുന്നു ക്രിസ്തുവിന്റെ വരവും ന്യായവിധിയും സംഭവിക്കുംവരെ മരിച്ചവർക്ക് ഒന്നും സംഭവിക്കുന്നില്ല.

ഹിസ്കിയ രാജാവ് മരണത്തിൽ നിന്ന് രക്ഷപെട്ട് ഇപ്രകാരം എഴുതി, "എന്റെ പ്രാണനെ നാശകുഴിയിൽ നിന്ന് സ്നേഹത്തോടെ രക്ഷിച്ചു പാതാളം (grave or hell) നിന്നെ സ്തുതിക്കുന്നില്ലാ മരണം നിന്നെ വാഴ്ത്തുന്നില്ല ജീവനുള്ളവൻ മാത്രം നിന്നെ സ്തുതിക്കും" (യശയ്യ. 38: 17, 19, സങ്കീ. 115: 19) അവിടെ ക്ഷീണിച്ചുപോയവർ വിശ്രമിക്കുന്നു. സഭാപ്രസംഗി തന്റെ ജ്ഞാനത്തിന്റെ ദൈവത്തിൽ നിന്നു ലഭിച്ച ജ്ഞാനം പാരമ്യത്തിൽ പറയുകയാണ് ജീവിച്ചിരിക്കുന്നവർ തങ്ങൾ മരിക്കും സ്നേഹവും ദ്വേഷവും അസൂയയും ഇനിയില്ല. ഓർമ്മ അവർക്കില്ല നീ ചെല്ലുന്ന പാതാളത്തിൽ (grave) പ്രവൃത്തിയില്ല അറിവില്ല ജ്ഞാനമില്ല (സഭാ.(: 5, 10) മരിച്ചുകഴിഞ്ഞ മനുഷ്യനും ചത്തുകഴിഞ്ഞ മൃഗവും മരണാവസ്ഥയിൽ ഒരു പോലെയാണ് മരിച്ച മനുഷ്യൻ വിവേക ഹീനനായിരുന്നുവെങ്കിൽ നശിച്ചുപോകുന്ന മൃഗത്തിനു തുല്യൻതന്നെ (സങ്കീ. 49: 20. സദൃ.21: 16) മനുഷ്യൻ മരിച്ചാൽ അവന്റെ ഒരു ഘടകം ജീവനോടുശേഷിക്കുന്നുവെങ്കിൽ മനുഷ്യാ നീ മണ്ണാകുന്നു എന്നോ ഏതു

മനുഷ്യനുഷ്യനും ഏതു മനുഷ്യനും ഒരു ശ്വാനമാണെന്നോ പറയാൻ സാധ്യമല്ല. സൃഷ്ടിയിൽ ദൈവം മണ്ണുകൊണ്ട് മനുഷ്യനെ ഉണ്ടാക്കി മൂക്കിൽ ശ്വാസം ഊതി, അവൻ ജീവനുള്ള ദേഹിയായി ഘടകവും മനുഷ്യനുകൊടുത്തതായി കാണുന്നില്ല അവൻ ദൈവത്തൽ നിന്നും പ്രാപിക്കുന്ന പരിശുദ്ധാത്മാവുണ്ട്. അത് മനുഷ്യന്റെ ആത്മാവല്ല ദൈവത്തിന്റെ ശക്തിയത്രേ. മരിച്ചാലും മരിക്കാത്ത ഒരാത്മാവ് മനുഷ്യൻ മർത്യനത്രേ. അമർത്യത ദൈവത്തിനേയുള്ളു കർത്താവായ് യേശുവിന്റെ രണ്ടാം വരവിനുശേഷം നീതിമാന്മാർക്ക് അവൻ അവൻ അമർത്യത നൽകും അതുവരെ ആർക്കും അമർത്യത ജന്മനാ കിട്ടുന്നില്ല ക്രിസ്തുപോലും മരിച്ചു ദ്രവത്വം കാണാതെ അമർത്യത പ്രാപിച്ചു. ദൈവം മാത്രം അമർത്യൻ എന്ന് വേദപുസ്തകം പഠിപ്പിക്കുന്നു. (1തിമൊ.6: 16) മനുഷ്യൻ മരിക്കുന്ന ദിവസം തന്നെ അവന്റെ ചിന്താശക്തി നിരൂപണങ്ങൾ നശിക്കുന്നു എന്ന് സങ്കീർത്തനക്കാരൻ പറയുന്നത് ഇന്നു പലരും അവിശ്വസിക്കുകയാണ്. (സങ്കീ. 146: 4) ദുഷ്ടനായി തീർന്ന ശൗലും നീതിമാനായ ശമുവേലും മരണത്തിൽ ഒരിടത്തുചെന്നുചേർന്നു. (1ശമു. 28: 19) ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള ദാവീദ് ഇന്ന് എവിടെ ? പ്രവൃത്തികളുടെ പുസ്തകം 2:24. നോക്കുക 2ന്റെ 29ൽ അവന്റെ കല്ലറ നമ്മുടെ ഇടയിൽ നിന്നും അടഞ്ഞുതന്നെ കിടക്കുന്നു എന്നു പറഞ്ഞിരിക്കുന്നു അവൻ സ്വർഗ്ഗാരോഹണം ചെയ്തില്ല യേശുവിന്റെ കല്ലറയോ തുറന്നുകിടന്നു. പത്രോസ് 11 പേരോടുകൂടി നിന്നുകൊണ്ട് ഉറക്കെ വിളിച്ചു പറഞ്ഞ സത്യമാണിത്. (പ്രവൃ. 2:14) മരിച്ച ലാസറിനെ കല്ലറയിൽ നിന്നാണ് യേശു പുറത്തുകൊണ്ടുവന്നത് ഒടുക്കത്തെ നാളിൽ മാത്രം ഉയർക്കും എന്ന വചനസത്യം മാർത്തക്കും മറിയയ്ക്കും അറിയാമായിരുന്നു. എന്നാൽ ജീവന്റെ മേൽ അധികാരമുള്ള യേശു ലാസറിന് വീണ്ടും ജീവൻ കൊടുത്തു (യോഹ.6:40) യേശുക്രിസ്തു പറയുന്നത് അവസാന നാളിൽ ഞാൻ മരിച്ചവരെ ഉയർപ്പിക്കും എന്നാണ് പക്ഷെ ഇന്നു പലരും വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നത് നീ മരിക്കുകയില്ല എന്ന കള്ളമാണ്. ആ കള്ളം തലമുറയായി ഇന്നും പറഞ്ഞുവരുന്നു. പാപം ചെയ്യുന്ന ദേഹവും ദേഹിയും മരിക്കും എന്ന സത്യം പലരും മറച്ചുപിടിക്കുകയാണ് തിരുവചനപ്രകാരം പറയുന്നില്ലയെങ്കിൽ അവരുടെ ഉള്ളിൽ വെളിച്ചമില്ല എന്ന് യശയ്യാ പ്രവാചകൻ പറഞ്ഞത് ഓർക്കുക (യശയ്യാ.8:20)

5. രക്ഷ യഹൂദന്റെ യാണ് യേശുവിലുള്ള വിശ്വാസത്താൽ അബ്രഹാമിന്റെ സന്തതിയായി വാഗ്ദത്തം പ്രാപിക്കാം.

യേശു ക്രിസ്തു പറഞ്ഞതാണ് രക്ഷ യഹൂദനുള്ളതാണ് യഹൂദനിൽനിന്നാണ് എന്ന് പുത്രത്വവും ന്യായപ്രമാണവും വാഗ്ദത്തവും ആരാധനയും എല്ലാം അവർക്കുള്ളത് (യോഹ.4:22.റോമ. 9: 4, 5) സകലവിശ്വാസികളും യിസ്രായേലിന്റെ പ്രത്യാശയുമായി ബന്ധപ്പെടണം എങ്കിൽ മാത്രമെ നിത്യജീവൻ എന്ന രക്ഷ ലഭിക്കു സകലജാതികളും അബ്രഹാമിൽക്കുടി അനുഗ്രഹിക്കപ്പെടും (ഉല്പ.26: 4,5. 12:3) പിതാക്കന്മാർക്കു ലഭിച്ച വാഗ്ദത്തം നമുക്കുറപ്പാക്കാൻ ക്രിസ്തു വലിയ ത്യാഗം സഹിച്ചു (റോമ 15: 8) ഇതാണ് യിസ്രായേലിന്റെ പ്രത്യാശ ആ പ്രത്യാശയക്ക് അവൻ നമ്മെയും യോഗ്യരാക്കി ഈ പ്രത്യാശ മൂലമത്രേ പൗലോസ് പിടിക്കപ്പെട്ട് അഗ്രീപ്പാവിന്റെ മുൻപിൽ നിന്നത് (പ്രവൃ.26:7) യോഹന്നാൻ സ്നാപകന്റെ പിതാവായ സഖര്യാവ് സന്തോഷിച്ചത് ഈ പ്രത്യാശ കണ്ടിട്ടാണ് (ലൂക്കൊ. 1:75) ക്രിസ്തുവിനോടു ചേരണം അപ്പോൾ നിങ്ങൾ അബ്രഹാമിന്റെ സന്തതിയും വാഗ്ദത്തപ്രകാരം അവകാശികളും ആകുന്നു. (ഗലാ. 3: 26,29)

6. ഈ രക്ഷ ലഭിക്കാൻ സ്നാനം അത്യാവശ്യമാകുന്നു.

യേശുക്രിസ്തുവാണ് നമ്മുടെ മാതൃക അവൻ സ്നാനമേറ്റു പാപം കഴുകിക്കളയാനല്ല ക്രിസ്തു സ്നാനമേറ്റത് പിന്നെയോ സകല നീതിയും നിർവ്വഹിക്കപ്പെടാൻ ആയിരുന്നു സ്വർഗ്ഗാരോഹണത്തിനു തൊട്ടുമുമ്പായി അവൻ കല്പിച്ച ഏറ്റവും പ്രധാനമായ ഒന്നത്രേ വിശ്വാസസ്നാനം (മർക്കൊ. 16:16) വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്താൽ രക്ഷിക്കപ്പെടും ഇല്ലെങ്കിൽ രക്ഷിക്കപ്പെടുകയില്ലെന്ന് വളരെ തെളിച്ചു താൻ പറഞ്ഞു.ശിക്ഷ്യന്മാർ ഭൂമിയിലൊക്കെ പോയി സ്നാനപ്പെടുത്താൻ കല്പിച്ചു (മത്തായി. 28: 19) സ്നാനത്താൽ നാം യേശുവിനോടു ചേരുകയാണ് വാഗ്ദത്തത്തിന് അവകാശികളും ആകുകയാണ് (ഗലാ. 3:26, 29. ) വചനം വിശ്വസിച്ചവരെല്ലാം യേശുവിനെ സ്വീകരിച്ചവരെല്ലാം സ്നാനമേറ്റതായിട്ടാണ് വേദപുസ്തകതത്തിൽ കാണുന്നത് പ്രവൃത്തിയില്ലാത്ത വിശ്വാസം നിർജ്ജീവമാണെല്ലോ. വെള്ളത്താലും ആത്മാവിനാലും വീണ്ടും ജനിച്ചില്ലെങ്കിൽ സ്വർഗ്ഗരാജ്യത്തിൽ കടക്കുകയില്ല (യോഹ.3:5) സ്നാനം ക്രിസ്തുവിനോടുകൂടി പാപത്തിനു മരിക്കുകയാണ് വെള്ളത്തിന്റെ ആഴങ്ങളിൽ മരണം സംഭവിച്ച് ഒരു പുതിയ ജീവനിലേക്ക് ഉയർത്തെഴുന്നേൽക്കുന്ന നാം ക്രിസ്തുവിന്റെ പുനരുത്ഥാനത്തിലും പങ്കാളിയാകുന്നു (റോമ. 3:5) എത്ര അനുഗ്രഹിക്കപ്പെട്ട അനുഭവം എങ്ങനെ ആസ്വദിക്കും ശിശു സ്നാനത്തെക്കുറിച്ച് വേദപുസ്തകം ഒന്നും തന്നെ പറയുന്നില്ല വചനം പഠിക്കുക വിശ്വസിക്കുക വിശ്വസിച്ച് സ്നാനം ഏൽക്കുക അതാണ് ദൈവം നമ്മിൽ നിന്ന് പ്രതീക്ഷിക്കുന്നത്. ക്രിസ്തുവിനെപ്പോലെ ശിഷ്യന്മാരും സ്നാനമേറ്റു സ്നാനം നൽകി മാതൃകകാണിച്ചു. ആ മാതൃക നമുക്ക് പിൻപറ്റാം അവന്റെ വാക്കു കൈകൊണ്ടവർ സ്നാനമേറ്റു (അ. പ്രവൃത്തി. 2:4,. 8: 38,. 9:18,. 22: 16,. 10: 48).

7. യേശുക്രിസ്തുവിന്റെ രണ്ടാം വരവ് ഏറ്റവും അടുത്തിരിക്കുന്നു അവൻ വരുന്നത് എന്തിന് ?

യേശു വരുന്നത് ആദ്യമായി ലോകത്തു സ്ഥാപിക്കുന്ന ദൈവ രാജ്യത്തിന്റെ ഭരണം ഏറ്റെടുക്കാനാണ് (സഖ. 14: 9). രാജാധിരാജനായി വാഴുവാൻ (യശയ്യാ. 9: 5, 7,) നിദ്രയിലായിരിക്കുന്ന തന്റെ വിശ്വാസികളെ ഉയർപ്പിക്കുവാൻ (യോഹ. 6: 40) അവർക്കു പ്രതിഫലം കൊടുക്കുവാൻ (വെളി.22: 12) ചിതറിപ്പോയ യിസ്രായേൽ ജനത്തെ കൂട്ടിച്ചേർക്കുവാൻ (റോമ 11: 26) യരുശലേമിൽ

സിംഹാസനം സ്ഥാപിക്കുവാൻ (മിഖ.4:1,3) നീതിയോടെ ഭൂമിയെ ഭരിക്കുവാൻ (സങ്കീ.72, വെളി.5:10) യുദ്ധവും ക്ഷാമവും ദുഃഖവും മരണവും വേദനയും എല്ലാകഷ്ടതയും ഭൂമിയിൽ നിന്നും തുടച്ചു മാറ്റുവാൻ (വെളി. 21:4, 1കൊരി.15: 25) ഇതിനെല്ലാമാണ് ക്രിസ്തുവരുന്നത്.

ക്രിസ്തുവിൽ സഹോദരന്മാർ (ഇങ്ങകടഠഅഉള്ളഘജങകഅച)

1. ദൈവവചനമായ ബൈബിളിൽ നിന്നു മാത്രമേ ദൈവത്തിൽ നിന്നുള്ള യഥാർത്ഥ സന്ദേശം നമുക്ക് ലഭിക്കുന്നുള്ളു.

2. ദൈവം ഏകനാണ് ത്രിയേകനല്ല അവൻ സർവ്വശക്തനാണ്.

3. പരിശുദ്ധാത്മാവ് ദൈവത്തിന്റെ ശക്തിയാണ്. വ്യക്തിയല്ല

4. യേശുക്രിസ്തു ദൈവത്തിന്റെ പുത്രനാണ് കന്യകയിൽ ജനിച്ചതിനാൽ മനുഷ്യപുത്രനുമാണ്. ദൈവം അവതരിച്ചതല്ല ക്രിസ്തു.

5. പാപസ്വഭാവങ്ങളാൽ ക്രിസ്തു പരീക്ഷിക്കപ്പെട്ടു എന്നാൽ പാപം ചെയ്തില്ല പാപത്തെ ജയിച്ചതുകൊണ്ട് ദൈവം അവനെ ഉയർത്തെഴുന്നേൽപ്പിച്ചു നിത്യജീവൻ നല്കി അങ്ങനെ നമുക്കുംനിത്യജീവൻ ലഭിക്കാനുള്ള പാതഒരുക്കിത്തന്നു

6. മരിച്ച് ഉയിർത്ത് സ്വർഗ്ഗാരോഹണം ചെയ്ത യേശു രണ്ടാമതും വരും അപ്പോൾ സുവിശേഷം കേട്ടു മരിച്ച എല്ലാവരെയും ഉയർപ്പിച്ച് വിശ്വസ്തതക്ക് നിത്യജീവൻ നല്കും സുവിശേഷം കേൾക്കാത്തവർ ഉയർക്കുയില്ല.

7. ദൈവരാജ്യം ക്രിസ്തു ഭൂമിയിൽ പുനസ്ഥാപിക്കും ആ രാജ്യം ഭൂമിയിൽ വ്യപിക്കും.

8. അമർത്യത പ്രാപിക്കുന്ന വിശ്വാസികൾ ക്രിസ്തുവിനെ ഭരണത്തിൽ സഹായിക്കും ലോകം മുഴുവൻ സമാധാനവും സന്തോഷവും വ്യാപിക്കും

9. പിശാച് എന്നത് ഒരു അമാനുഷിക ശക്തിയുള്ള വ്യക്തിയല്ല മനുഷ്യന് എതിരായി നിൽക്കുന്ന മനുഷ്യനിലെ പാപസ്വഭാവത്തെ സൂചിപ്പിക്കുന്ന ഒരു പദം മാത്രമാണ്.

10.മനുഷ്യൻ മരിക്കുമ്പോൾ അവനിലുള്ള എല്ലാഘടകങ്ങളും പൂർണ്ണമായും നശിക്കുന്നു യാതൊന്നും തുടർന്നു ജീവൻ ലഭിക്കും എന്നുള്ളതാണ് വിശ്വാസികളുടെ പ്രത്യാശ.

11. ദൈവത്തിനും മനുഷ്യർക്കും മദ്ധ്യേ മദ്ധ്യസ്ഥൻ ക്രിസ്തു മാത്രമയുള്ളു ബാക്കി ആരും ഉയർത്ത് നിത്യജീവൻ പ്രാപിച്ച് മദ്ധ്യസ്ഥത യാചിക്കുന്നില്ല.

12. തിരുവെഴുത്തിലെ സത്യങ്ങൾ മാത്രം വിശ്വസിക്കുകയും ആ വിശ്വാസത്തിൽ സ്നാനപ്പെടുക. അതാണ് രക്ഷയിലേക്കുള്ള ആദ്യപടി.

13. 1തിമൊ. 2: 5ഉം 6ഉം പൂർണ്ണമായി അംഗീകരിക്കുക. ആ ഭാഗത്ത് 3 വചനസത്യങ്ങൾ ഉണ്ട്. 1. ദൈവം ഏകനാണ് 2. ക്രിസ്തു മാത്രമേ മദ്ധ്യസ്ഥനായുള്ളു 3. ക്രിസ്തു മനുഷ്യനാണ് ഇതു മൂന്നും വിശ്വസിക്കുന്ന ഏതെങ്കിലും ഒരു ക്രിസ്തീയ വീഭാഗത്തിന്റെ പേരുപറയാമോ ? മഹിതിയാം ബാബിലോൺ വിശ്വാസികൾ ഇതു മൂന്നും വിശ്വസിക്കുന്നില്ല അവളുടെ ഓഹരിക്കാരും വിശ്വസിക്കുകയില്ല ക്രിസ്റ്റഡെൽഫിയൻസ് ഈ മൂന്നു സത്യങ്ങളും വുർണ്ണമായി വിശ്വസിക്കുന്നു.

2തിമൊ 3:16,. 2പത്രോ.1:21,. 1തിമൊ. 2: 5 ആവ. 6: 4.ലൂക്കോ. 1: 35,. അ.പ്രവൃ.10: 38,. മത്താ.3:17,. ഗലാ.4:4,. എബ്ര. 2:14,. റോമ. 8:3,. അ. പ്ര.1:3, 9. യോഹ. 5: 29,. ദാനി.12: 1, 2,. ലൂക്കോ. 1: 30, 33,. യെശയ്യ. 9: 6, 7 ലൂക്കോ. 22: 29, 30,. യെശയ്യാ. 32: 17,. യാക്കോ. 1: 14, 15,. റോമ. 4: 13. 21: 25. എബ്രാ. 11: 6, സങ്കീ. 146: 4. സഭാപ്ര.9: 5,6,. അ.പ്രവൃ. 8: 12,. 2: 38.,. മർക്കോ. 16: 16. റോമർ 6: 4.

എബ്രായർ 2: 11 ൽ കാണുന്നതുപോലെ ഞങ്ങൾ സഹോദരങ്ങൾ എന്ന് വിളിക്കപ്പെടാൻ ആഗ്രഹിക്കുന്നു ദൈവരാജ്യത്തിലും ക്രിസ്തുവിലും വിശ്വസിക്കുന്നവരായ ഞങ്ങൾ ( അ. പ്രവൃ. 8:12) വിശ്വാസ സ്നാനത്തിലൂടെ (ഗലാ. 3: 27) ഒരു പുതിയ ജീവിതം ആരംഭിച്ചവരും പുനരുത്ഥാനത്തോടുകൂടി നിത്യജീവൻ ലഭിക്കുമെന്ന് പ്രത്യാശിക്കുന്നവരും ആകുന്നു. (റോമ. 6: 5)

ഒരു പ്രത്യേക വെളിപ്പാടോ വരമോ ലഭിച്ചതായി ഞങ്ങൾ ആവകാശപ്പെടുന്നില്ല എന്നാൽ തിരുവചനം പൂർണ്ണമായും രക്ഷയിലേക്ക് നയിക്കുന്ന ദൈവശക്തിയാകയാൽ (2തിമൊ.3:14) വചനം മാത്രമേ നമ്മേരക്ഷിക്കുയിലേക്ക് നയിക്കൂ എന്ന് ഞങ്ങൾ വിശ്വസിക്കുന്നു ക്രിസ്തുയേശു ഈ ഭൂമിയിൽ വന്ന് ദൈവരാജ്യം സ്ഥാപിക്കുമെന്നുള്ള സത്യം മറ്റുള്ളവരുമായി പങ്കിടാൻ ഞങ്ങൾ ആഗ്രഹിക്കുന്നു ബൈബിൾ സത്യങ്ങൾ ഉൾക്കൊള്ളാൻ 11 പാഠങ്ങൾ ഉള്ള ഒരു സൗജന്യതപാൽ ബൈബിൾ പഠനപദ്ധതിയും മറ്റു പ്രസിദ്ധീകരണങ്ങളും താൽ പര്യമുള്ളവർ ആവശ്യപ്പെട്ടാൽ സൗജന്യമായി അയച്ചുതരുന്നതാണ്

ഞങ്ങളുടെ പ്രസിദ്ധികരണങ്ങൾ

1. വേദപുസ്തകം വായിക്കുന്നത് എന്തിന് ?
2. മനുഷ്യവർഗ്ഗത്തിന്റെ രക്ഷ
3. യഥാർത്ഥ മാനസാന്തരം
4. നിങ്ങൾ അറിഞ്ഞിരിക്കേണ്ട 7 കാര്യങ്ങൾ
5. പിശാചും സാത്താനും എന്ന പഴയ പാമ്പായ മഹാസർപ്പം
6. ദൈവരാജ്യം
7. വേദവിപരീതങ്ങളെ തിരിച്ചറിയുക

ക്രിസ്റ്റഡെൽഫിയൻ